# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2431** 14.06.2019-**ൽ മറുപടിക്ക്**

കൂടംകുളം- കൊച്ചി വൈദ്യുതി ലൈൻ നിർമ്മാണം

| | ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൂടംകുളം-കൊച്ചി വൈദ്യുതി ലൈൻ നിർമ്മാണപ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ഈ പദ്ധതിയുടെ 148.3 കിലോമീറ്ററിൽ 644 മീറ്റർ ലൈൻ വലിക്കൽ ഒഴികെ മുഴുവൻ ജോലികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിലെ ലൊക്കേഷൻ 291/0 – ലെ ഒരു ടവറിന്റെ മാത്രം നിർമ്മാണം സംബന്ധിച്ച് ഹൈക്കോടതി കേസ് തീർപ്പാക്കുന്ന മുറയ്ക്ക് ലൈൻ കമ്മീഷൻ ചെയ്യുവാൻ സാധിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതി പൂർണ്ണമായും നടപ്പിൽ വരുന്നതോടുകൂടി സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ? | (ബി) | ഈ പദ്ധതി പൂർത്തിയാകുന്നതോടെ സംസ്ഥാനത്തിന് താഴെ പറയുന്ന നേട്ടങ്ങൾ ഉണ്ടാകുന്നതാണ്.<br>1. സംസ്ഥാനത്തെ ആദ്യത്തെ 400 കെ.വി പവർ ഹൈവേയായ തിരുനെൽവേലി - കൊച്ചി - തൃശ്ശൂർ-ഉദുമൽപ്പെട്ട് ലൈൻ യാഥാർത്ഥ്യമാകുന്നു.<br>2. വൈദ്യുതി ഇറക്കുമതി ചെയ്യുന്നതിനുള്ള ശേഷി വർദ്ധിക്കും.<br>3. കേന്ദ്ര വിഹിതം മുഴുവനായും കൃത്യതയോടെ ഉപയോഗപ്പെടുത്താൻ സാധിക്കും.<br>4. ഇതുമൂലം ലൈൻ ലഭ്യത ഉറപ്പാവുകയും, അറ്റകുറ്റപ്പണി വേണ്ടി വരുമ്പോൾ വൈദ്യുതി തടസ്സമില്ലാതെ ലഭ്യമാക്കുവാനും സാധിക്കും. |

| | | | |
|---|---|---|---|
| | | | 5. കേരള - തമിഴ് നാട് മേഖലയിലെ ലൈനുകളിലുള്ള പവർ നിരക്ക് കുറയ്ക്കുവാൻ സാധിക്കും.<br>6. പ്രസരണ നഷ്ടം വലിയതോതിൽ കുറയുകയും മെച്ചപ്പെട്ട വോൾട്ടേജിൽ പ്രസരണ വിതരണം സാധ്യമാവുകയും ചെയ്യും.<br>7. കുറഞ്ഞ ചിലവിൽ ദീർഘകാല അടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കാൻ സാധിക്കും.<br>8. സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖല വികസിപ്പിക്കുന്നതിനായി നിർദ്ദിഷ്ട 400 കെ.വി സബ്സ്റ്റേഷനുകളായ കോട്ടയം, ഇടമൺ നിർമ്മിക്കാൻ സാധിക്കും. കൂടാതെ മാടക്കത്തറ-കോഴിക്കോട് 400 കെ.വി ലൈൻ പൂർത്തീകരിക്കുന്നതോടെ മലബാർ മേഖലയിൽ വൈദ്യുതി ലഭ്യത കൂടുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ